## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4476 — 13.11.2019 ന് മറുപടിയ്ക്ക്.

### <u>വനേതര പ്രവൃത്തികൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള അകലം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും,<br>മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിൽ നിന്ന് വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള അകലം എത്രയാണെന്ന് അറിയിക്കുമോ; | (എ) & (ബി) | തടി മില്ലുകൾ സ്ഥാപിക്കുന്നതിന് വനാതിർത്തിയിൽ നിന്നും 5 കി.മീറ്ററിന്റെ ദൂരപരിധി നിശ്ചയിച്ചിട്ടുള്ളതാണ്. ഇപ്രകാരം ദൂരപരിധി കണക്കാക്കുന്നതിൽ 40 ഹെക്ടറിൽ (100 ഏക്കറിൽ) കുറവ് വിസ്തീർണ്ണമുള്ള വനങ്ങളെ ഒഴിവാക്കിയിട്ടുള്ളതാണ്, അതേപോലെ തന്നെ 14/01/2019-ലെ State Enviornment Impact Assessment Authority (SEIAA)യുടെ 87-ാം മീറ്റിംഗിലെ തീരുമാന പ്രകാരം ക്വാറികൾക്ക് വനാതിർത്തിയിൽ നിന്നും കുറഞ്ഞ ദൂരപരിധിയായി 50 മീറ്റർ നിശ്ചയിച്ചിട്ടുള്ളതാണ്.<br><br>കൂടാതെ 31/10/2019-ലെ സർക്കാർ ഉത്തരവ് (കൈ) നം.29/2019/വനം പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റുമുള്ള 0 മുതൽ 1 കി. മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിവിധ സമിതികൾ നടത്തിയ പഠനത്തിലെ ഡാറ്റ, NCESS നൽകിയ ഡാറ്റാ എന്നിവ കൂടി അടിസ്ഥാനമാക്കിയാണ് തയ്യാറാക്കേണ്ടത്. |
| (ബി) | പ്രസ്തുത അകലം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഇതുസംബന്ധിച്ച് ഈ സർക്കാർ കേന്ദ്ര സർക്കാരിന് എന്തെങ്കിലും കത്ത് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇല്ല. മേൽ പ്രസ്താവിച്ച പ്രകാരം തയ്യാറാക്കപ്പെടുന്ന കരട് വിജ്ഞാപനം പരിശോധിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ